പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7570 17.7.2012 ൽ മറുപടിയ്ക്ക്

**വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

ചോദ്യം മറുപടി

ശ്രീ.കെ.മുരളീധരൻ

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ സർവ്വീസിൽ താൽക്കാലിക ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തു ന്നതിനുള്ള ഉത്തരവുകൾ പ്രകാരം ഏത് കാലയളവ് വരെ ജോലി ചെയ്തവരെയാണ് ഇതിനകം സ്ഥിരപ്പെടു ത്തിയിട്ടുള്ളത് ; | (എ) സർക്കാർ ഉത്തരവ് നം.18/99/പി& എ.ആർ.ഡി തീയതി 13.10.2009 പ്രകാരം 1.1.1997 മുതൽ 14.8.1998 വരെ താൽക്കാലികമായി ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെയും, സർക്കാർ ഉത്തരവ് നമ്പർ 33/2005/SWD തീയതി 5.3.2005 പ്രകാരം 15.8.1998 മുതൽ 15.8.1999 വരെയും താൽക്കാലികമായി ജോലി ചെയ്തിട്ടുള്ള വികലാംഗ ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഇപ്പോൾ എന്ത് നടപടി യാണ് സ്വീകരിച്ചു വരുന്നത്; | (ബി) 16.8.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന വികലാംഗരെ പുനഃനിയമനം നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (സി) വികലാംഗരായ ജീവനക്കാരുടെ ക്ഷേമ ത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പി ലാക്കി വരുന്നത്; വിശദമാക്കാമോ? | (സി) വികലാംഗരായ ജീവനക്കാരുടെ ക്ഷേമ ത്തിനായി മികച്ച വികലാംഗ ജീവനക്കാർക്കായി പതിനായിരം രൂപയുടെ സംസ്ഥാന അവാർഡ് വകുപ്പിൽ നിന്നും നൽകി വരുന്നു. വികലാംഗ ജീവനക്കാർക്ക് തൊഴിൽ നികുതി ഒഴിവാക്കിയിരിക്കുന്നു. യാത്രാബത്ത പ്രതിമാസം 600/- രൂപ നൽകുന്നുണ്ട്. കൂടാതെ ചികിത്സയ്ക്കായി 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ